എൽ.ഡി.സി. (ആലപ്പുഴ ജില്ല) റാങ്ക് ലിസ്റ്റ്

29 [1605] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ എൽ.ഡി.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഇത് എന്നാണ് പ്രസിദ്ധീകരിച്ചത്;

(ബി) ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിച്ചത്;

(സി) എത്ര പേരുടെ ലിസ്റ്റാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്നും എത്ര പേർക്ക് നിയമനം നൽകി എന്നും വെളിപ്പെടുത്തുമോ;

(ഡി) ഇനി എത്ര പേർക്ക് കാലാവധിക്കുള്ളിൽ നിയമനം നൽകാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് എന്നു വ്യക്തമാക്കാമോ;

(ഇ) പരമാവധി പേർക്ക് നിയമനം നൽകുന്നതിനായി വിവിധ വകുപ്പ് അദ്ധ്യക്ഷൻമാർ സഹകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) മുൻകൂട്ടി കണക്കാക്കാൻ പ്രയാസമാണ്.

(ഇ) ഉണ്ട്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദ്ദേശം നിലവിലുണ്ട്.

ഇടുക്കി ജില്ലയിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

30 [1606] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ നിലവിലുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ നടന്ന നിയമന വിവരങ്ങൾ അറിയിക്കുമോ;

(ബി) ജില്ലയിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഇവ റിപ്പോർട്ട് ചെയ്യുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly